**2017 ഡിസംബർ 4-ന് ചേർന്ന കെ.എസ്.ആർ.ടി.സി.**

**അഡ്-ഹോക് ഡിപ്പാർട്ടുമെന്റൽ പ്രമോഷൻ കമ്മിറ്റിയുടെ (ad-hoc DPC) മിനിട്സ്.**

**പങ്കെടുത്തവർ :**

| | | | |
|---|---|---|---|
| 1. | ശ്രീ. എ. ഹേമചന്ദ്രൻ IPS<br>ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. | : | **ചെയർമാൻ** |
| 2. | ശ്രീമതി എസ്. മാലതി,<br>അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്, സർക്കാർ സെക്രട്ടറിയേറ്റ് | : | **മെമ്പർ** |
| 3. | ശ്രീ. എം.കെ. ഐസക് കുട്ടി,<br>ഫിനാൻഷ്യൽ അഡ്വൈസർ ആന്റ് ചീഫ് അക്കൗണ്ട്സ് ഓഫീസർ, കെ.എസ്.ആർ.ടി.സി | : | **മെമ്പർ** |
| 4. | ശ്രീ. ജി.പി. പ്രദീപ് കുമാർ,<br>ഡയറക്ടർ ബോർഡ് സെക്രട്ടറി, കെ.എസ്.ആർ.ടി.സി. | : | **കൺവീനർ** |

...

യോഗം 10:30 മണിക്ക് ആരംഭിച്ചു.

| | |
|---|---|
| 1. അജണ്ട ഇനം നം. **9/2017** | ജീവനക്കാരുടെ ഗ്രേഡേഷൻ<br>പുനർ നിർണ്ണയിക്കുന്നത് സംബന്ധിച്ച് |

അജണ്ട ഇനം ഭരണസമിതി തീരുമാനത്തിന്റെ വെളിച്ചത്തിൽ ഡി.പി.സി പുനപരിശോധിച്ചു. ഡിപ്പാർട്ടുമെന്റൽ പ്രമോഷൻ കമ്മിറ്റിയുടെ ചുമതലയും ഉത്തരവാദിത്വവും സർവ്വീസ് റൂൾസ് പ്രകാരവും, കെ.എസ്.ആർ.ടി.സി. റെഗുലേഷൻ പ്രകാരവും നിർവ്വചിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ പരാമർശവിഷയമായ സീനിയോരിറ്റി തർക്കം ഡി.പി.സി.യുടെ പരിധിയിൽ വരുന്നതല്ല. അക്കാര്യം കോർപ്പറേഷൻ ഭരണപരമായ രീതിയിൽ തീരുമാനിക്കേണ്ടതാണ്.

| | |
|---|---|
| 2. അജണ്ട ഇനം നം. **10/2017** | കേരള പി.എസ്.സി.യ്ക്ക് നിയമനത്തിനായി നല്കിയിട്ടുള്ള<br>ഒഴിവുകൾ പ്രമോഷൻ മുഖേന നികത്തുന്നത് സംബന്ധിച്ച് |

ബഹു. ഹൈക്കോടതിയുടെ W.P (C) No. 23331/2017-ലെ ഇടക്കാല ഉത്തരവ്, ഭരണസമിതിയുടെ തീരുമാനം എന്നിവ കൂടി പരിഗണിച്ച് നിലവിൽ പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ നികത്തുന്ന വിഷയം ഡി.പി.സി. പരിശോധിച്ചു. പി.എസ്.സി. നിയമനം നടത്തുന്നതിനായി ലിസ്റ്റ് പരസ്യപ്പെടുത്തിയിട്ടില്ലാത്ത ഒഴിവുകളിൽ കോർപ്പറേഷൻ താൽക്കാലികമായി പ്രമോഷൻ നൽകുകയും, പി.എസ്.സി. ലിസ്റ്റ് നിലവിൽ വന്ന് ടി ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നമുറയ്ക്ക് താൽക്കാലിക പ്രമോഷൻ ലഭിച്ചവരെ തരംതാഴ്ത്തേണ്ടതാണ്

എന്ന വ്യവസ്ഥയിൽ വേണം പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ പ്രമോഷൻ നല്കേണ്ടതെന്ന് ഡി.പി.സി. തീരുമാനിച്ചു.

| | |
|---|---|
| 3. അജണ്ട ഇനം നം. **11/2017** | ഡിപ്പാർട്ടുമെന്റൽ പ്രമോഷൻ കമ്മിറ്റി മുമ്പാകെ അപ്പീൽ പരാതികൾ സമർപ്പിക്കുന്നത് സംബന്ധിച്ച് |
| 4. അജണ്ട ഇനം നം. **12/2017** | 27-4-2017-ൽ ചേർന്ന ഡി.പി.സി. യോഗം സീൽഡ് കവർ നടപടിക്രമത്തിൽ സൂക്ഷിച്ചിരുന്നവയുടെ നിലവിലെ അവസ്ഥ ഡി.പി.സി മുമ്പാകെ സമർപ്പിക്കുന്നത് സംബന്ധിച്ച് |

നിലവിൽ ഡി.പി.സി. മുമ്പാകെ സമർപ്പിക്കപ്പെട്ട അപ്പീൽ പരാതികൾ, ബഹു. ഹൈക്കോടതി ഉത്തരവുകൾ എന്നിവ ഡി.പി.സി. പരിഗണിക്കുകയും അജണ്ട ഇനം 11/2017-ലും 12/2017-നും മേൽ താഴെപറയുന്നവിധം തീരുമാനം എടുക്കുകയും ചെയ്തു.

1. **വി.എസ്. അജികുമാർ** (എ.റ്റി.ഒ) – നിലവിൽ സീൽഡ് കവറിലുള്ള ടിയാന്റെ പ്രമോഷൻ ഡി.പി.സി. പരിഗണിക്കുകയും, പരിശോധിക്കുകയും ചെയ്തു. ടിയാനെതിരെ ചുമത്തപ്പെട്ട കുറ്റത്തിന്റെ സ്വഭാവം, നൽകപ്പെട്ട ശിക്ഷ എന്നിവ സൂക്ഷമമായി പരിശോധിച്ചതിൽ അതീവഗൗരവമുള്ളതായി കാണാത്തതിനാലും, ശിക്ഷയായി സെൻഷ്വർ മാത്രം നൽകിയിട്ടുള്ളതിനാലും ടിയാന് ഡി.റ്റി.ഒ. തസ്തികയിൽ പ്രമോഷൻ നല്കുന്നതിനും, മേൽശിക്ഷാ നടപടികൾ ഇല്ലായിരുന്നെങ്കിൽ ലഭിക്കുമായിരുന്ന സീനിയോരിറ്റി പുനസ്ഥാപിച്ച് ശ്രീ. വാസുദേവൻ മുതുവറക്ക് മുകളിലായി നിശ്ചയിച്ച് നൽകുന്നതിനും തീരുമാനിച്ചു.
2. **ബി. ഷൈൻ** (എ.റ്റി.ഒ റിട്ടയേർഡ്) - നിലവിൽ സീൽഡ് കവറിലുള്ള ടിയാന്റെ പ്രമോഷൻ ഡി.പി.സി. പരിഗണിക്കുകയും, പരിശോധിക്കുകയും ചെയ്തു. ടിയാനെതിരെ ചുമത്തപ്പെട്ട കുറ്റത്തിന്റെ സ്വഭാവം, നൽകപ്പെട്ട ശിക്ഷ എന്നിവ സൂക്ഷമമായി പരിശോധിച്ചതിൽ അതീവഗൗരവമുള്ളതായി കാണാത്തതിനാലും, ശിക്ഷയായി സെൻഷ്വർമാത്രം നൽകിയിട്ടുള്ളതിനാലും ടിയാന് ഡി.റ്റി.ഒ. തസ്തികയിൽ നോഷണൽ ആയി പ്രമോഷൻ നല്കുന്നതിനും, മേൽശിക്ഷാ നടപടികൾ ഇല്ലായിരുന്നെങ്കിൽ ലഭിക്കുമായിരുന്ന സീനിയോരിറ്റി പുനസ്ഥാപിച്ച് ശ്രീ. എ.ജെ. ഷാജിക്ക് മുകളിലായി നിശ്ചയിച്ച് നൽകുന്നതിനും തീരുമാനിച്ചു.
3. **ബി. ബൈജു** (എ.റ്റി.ഒ) - നിലവിൽ സീൽഡ് കവറിലുള്ള ടിയാന്റെ പ്രമോഷൻ ഡി.പി.സി. പരിഗണിക്കുകയും, പരിശോധിക്കുകയും ചെയ്തു. ടിയാനെതിരെ ചുമത്തപ്പെട്ട കുറ്റത്തിന്റെ സ്വഭാവം, നൽകപ്പെട്ട ശിക്ഷ എന്നിവ സൂക്ഷമമായി പരിശോധിച്ചതിൽ അതീവഗൗരവമുള്ളതായി കാണാത്തതിനാലും, ശിക്ഷയായി സെൻഷ്വർമാത്രം നൽകിയിട്ടുള്ളതിനാലും ടിയാന് ഡി.റ്റി.ഒ. തസ്തികയിൽ പ്രമോഷൻ നല്കുന്നതിനും, മേൽശിക്ഷാ

നടപടികൾ ഇല്ലായിരുന്നെങ്കിൽ ലഭിക്കുമായിരുന്ന സീനിയോരിറ്റി പുനസ്ഥാപിച്ച് ശ്രീ. എൻ.ശിവകുമാറിന് മുകളിലായി നിശ്ചയിച്ച് നൽകുന്നതിനും തീരുമാനിച്ചു.

4. **കെ.പി. ഷിബു** (എ.റ്റി.ഒ) – ടിയാന്റെ സീൽഡ് കവർ പരിശോധിക്കുകയും, നിലവിൽ കേസ് തീർപ്പാക്കാത്തതിനാൽ "സീൽഡ് കവറിൽ പ്രത്യേകം മാറ്റിവച്ചു".

5. **വി.എസ്. സുരേഷ്** (ഇൻസ്പെക്ടർ) – നിലവിൽ സീൽഡ് കവറിലുള്ള ടിയാന്റെ എ.റ്റി.ഒ. തസ്തികയിലേയ്ക്കുള്ള പ്രമോഷൻ ഡി.പി.സി. പരിശോധിച്ചു. ടിയാനെതിരെ ചുമത്തപ്പെട്ട കുറ്റത്തിന്റെ സ്വഭാവം, നൽകപ്പെട്ട ശിക്ഷ എന്നിവ സൂക്ഷ്മമായി പരിശോധിച്ചതിൽ ഗൗരവമുള്ള വിഷയമായതിനാൽ ടിയാന്റെ സീനിയോരിറ്റി പുനസ്ഥാപിക്കേണ്ടതില്ലാ എന്നും നിലവിൽ ഒഴിവുവരുന്ന മുറയ്ക്ക് ടിയാന് എ.റ്റി.ഒ. തസ്തികയിൽ പ്രമോഷൻ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു.

6. **റെജി മാത്യു** (ഇൻസ്പെക്ടർ) – നിലവിൽ സീൽഡ് കവറിലുള്ള ടിയാന്റെ എ.റ്റി.ഒ. പ്രമോഷൻ ഡി.പി.സി. പരിശോധിച്ചു. ടിയാനെതിരെ ചുമത്തപ്പെട്ട കുറ്റം അതീവഗൗരവ മുള്ളതായതിനാലും, ശിക്ഷ ഗൗരവമേറിയതായതിനാലും VLC4/04467/2017 മേലുള്ള ശിക്ഷാനടപടി 06-11-2017 തീയതിമുതൽ നിലവിൽ വന്നതിനാലും ടിയാന് ഇപ്പോൾ പ്രമോഷന് അർഹത യില്ലാത്തതിനാൽ "സീൽഡ് കവറിൽ പ്രത്യേകം മാറ്റിവച്ചു".

7. **വി. രാജേഷ്** (ഇൻസ്പെക്ടർ) – നിലവിൽ സീൽഡ് കവറിലുള്ള ടിയാന്റെ എ.റ്റി.ഒ. തസ്തികയിലേയ്ക്കുള്ള പ്രമോഷൻ ഡി.പി.സി. പരിശോധിച്ചു. ടിയാനെതിരെ ചുമത്തപ്പെട്ട കുറ്റത്തിന്റെ സ്വഭാവം, നൽകപ്പെട്ട ശിക്ഷ എന്നിവ സൂക്ഷ്മമായി പരിശോധിച്ചതിൽ അതീവഗൗരവമുള്ളതായി കാണാത്തതിനാലും, ശിക്ഷയായി സെൻഷ്വർമാത്രം നൽകിയി ട്ടുള്ളതിനാലും ടിയാന് എ.റ്റി.ഒ. തസ്തികയിൽ ഒഴിവ് വരുന്ന മുറയ്ക്ക് പ്രമോഷൻ നല്കുന്നതിന് മേൽശിക്ഷാനടപടികൾ ഇല്ലായിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന സീനിയോരിറ്റി പുനസ്ഥാപിക്കുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| 5. അജണ്ട ഇനം നം. **13/2017** | ഹയർ ഡിവിഷൻ ഓഫീസർ തസ്തികകളിലേയ്ക്ക് പ്രമോഷനുവേണ്ടി തിരഞ്ഞെടുക്കുന്നതിനായുള്ള മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ലിസ്റ്റ് |

(എ) **ചീഫ് പേഴ്സണൽ മാനേജർ / മാനേജർ (അക്കൗണ്ട്സ്)**

ചീഫ് പേഴ്സണൽ മാനേജർ / മാനേജർ (അക്കൗണ്ട്സ്) തസ്തികയിലേയ്ക്കുള്ള ഒരു ഒഴിവിലേയ്ക്ക് സ്ഥാനക്കയറ്റത്തിനായി ഫീൽഡ് ഓഫ് ചോയ്സിൽ താഴെപ്പറയുന്ന മൂന്ന് ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ഓഫീസർമാരെയാണ് ഉൾപ്പെടുത്തിയിരുന്നത്.

1. K. Selvaraj
2. S. Shamsudeen
3. K.K. Reghu

ഇതിൽ നിന്നും ₹ 34600-54960 ശമ്പള സ്കെയിലിൽ ചീഫ് പേഴ്സണൽ മാനേജർ / മാനേജർ (അക്കൗണ്ട്സ്) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് പരിഗണിക്കുന്നതിനായി K.Selvaraj, ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ഓഫീസറുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട്, സേവന വിവരങ്ങൾ എന്നിവ പരിശോധിച്ച് ഡി.പി.സി. തിരഞ്ഞെടുത്തു.

(ബി) **പേഴ്സണൽ ഓഫീസർ / അക്കൗണ്ട്സ് ഓഫീസർ / ആഡിറ്റ് ഓഫീസർ.**

പേഴ്സണൽ ഓഫീസർ / അക്കൗണ്ട്സ് ഓഫീസർ /ആഡിറ്റ് ഓഫീസർ തസ്തികയിലേയ്ക്കുള്ള രണ്ട് ഒഴിവിലേയ്ക്ക് സ്ഥാനക്കയറ്റത്തിനായി ഫീൽഡ് ഓഫ് ചോയ്സിൽ താഴെപ്പറയുന്ന ഏഴ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരെയാണ് ഉൾപ്പെടുത്തിയിരുന്നത്.

1. Sudha Varghese
2. O. Rajeswari Amma
3. A.R. Premalatha
4. P.P. Ramesh
5. Y. Geevargheese
6. T.P. Anitha
7. K.S. Gopalakrishnan Nair

ഇതിൽ നിന്നും ₹ 23820-49460 ശമ്പള സ്കെയിലിൽ പേഴ്സണൽ ഓഫീസർ / അക്കൗണ്ട്സ് ഓഫീസർ / ആഡിറ്റ് ഓഫീസർ തസ്തികയിലേയ്ക്ക് രണ്ട് പ്രതീക്ഷിത ഒഴിവുകളിൽ സ്ഥാനക്കയറ്റത്തിനായി പരിഗണിക്കുന്നതിന് താഴെ പറയുന്ന അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട്, സേവന വിവരങ്ങൾ എന്നിവ പരിശോധിച്ച് ഡി.പി.സി. തിരഞ്ഞെടുത്തു.

1. Sudha Varghese
2. O. Rajeswari Amma

(സി) **അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

മുൻ അജണ്ട ഇനം 10/2017-ലെ തീരുമാനം അനുസരിച്ച് ഒഴിവുവരുന്ന ഏഴ് (7) താൽക്കാലിക ഒഴിവുകളിലേക്കും പ്രതീക്ഷിക്കുന്ന രണ്ട് (2) ഒഴിവുകളിലേക്കുമായി, പ്രതീക്ഷിത ഒഴിവുകളിലേക്ക് ബഹു. ഹൈക്കോടതിയുടെ W.P (C) Nos. 19699/2016, 23331/2017 എന്നിവയിലെ ഇടക്കാല ഉത്തരവിനും, അന്തിമ ഉത്തരവിനും വിധേയമായി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നതിനായി താഴെപ്പറയുന്ന സൂപ്രണ്ടുമാരുടെ ഫീൽഡ് ഓഫ് ചോയ്സ് ഡി.പി.സി. പരിഗണിച്ചു.

1. S. Sreekumari
2. S. Suma
3. G. Raveendran
4. J.C. Brilliant
5. D.P. Suresh
6. George Mathew
7. S. Rajalal
8. Lisamma Joseph
9. Leejamma Thomas
10. C.A. Soonamma
11. Mini Mohammed
12. Marikutty Thomas
13. G. Bhadrakumari
14. R. Lathakumari
15. C. Usha
16. Marry Daniel
17. S. Premakumari
18. P. Anilkumar
19. V.V. Anila
20. S. Suresh Babu
21. M. Gopan
22. T. Stanley
23. T.R. Ushakumari
24. S. Kusala Kumari

ഇതിൽ നിന്നും ₹ 21840-44460 ശമ്പള സ്കെയിലിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിലേക്ക് പ്രതീക്ഷിക്കുന്ന ഒൻപത് (9) താൽക്കാലിക ഒഴിവുകളിലേക്ക് പ്രൊവിഷണൽ ആയി പ്രമോഷൻ നൽകുന്നതിന് താഴെ പറയുന്ന സൂപ്രണ്ടുമാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട്, യോഗ്യത, സേവന വിവരങ്ങൾ, മെറിറ്റ് എന്നിവ പരിശോധിച്ച് ഡി.പി.സി. തിരഞ്ഞെടുത്തു.

1. S. Sreekumari
2. S. Suma
3. G. Raveendran
4. D.P. Suresh
5. George Mathew
6. S. Rajalal
7. Lisamma Joseph
8. C. A. Soonamma
9. Mini Muhammed

J.C. Brilliant, സൂപ്രണ്ട് - M.O.P. Departmental Test (obligatory test) / KSRTC Manual എന്നിവ പാസാകാത്തതിനാൽ തിരഞ്ഞെടുത്തിട്ടില്ല.

Lejamma Thomas, സൂപ്രണ്ട് - നിലവിൽ കേസ് (VLC3/083701/2016) തീർപ്പാക്കാത്തതിനാൽ "സീൽഡ് കവറിൽ പ്രത്യേകം മാറ്റിവച്ചു".

| | |
|---|---|
| 6. അജണ്ട ഇനം നം. **14/2017** | ഹയർ ഡിവിഷൻ ഓഫീസർ തസ്തികകളിലേയ്ക്ക് പ്രൊമോഷനവേണ്ടി തിരഞ്ഞെടുക്കുന്നതിനുള്ള ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരുടെ ലിസ്റ്റ്. |

(എ) ഡിസ്ട്രിക്ട് ട്രാൻസ്പോർട്ട് ഓഫീസർ

ഡിസ്ട്രിക്ട് ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിലേയ്ക്കുള്ള മൂന്ന് ഒഴിവിലേയ്ക്ക് അജണ്ട ഇനം നമ്പർ 11/2017-ൽ എടുത്ത തീരുമാനംകൂടി പരിഗണിച്ച് താഴെപ്പറയുന്ന എ.റ്റി.ഒ. മാരുടെ ഫീൽഡ് ഓഫ് ചോയ്സ് ഡി.പി.സി. പരിഗണിച്ചു.

1. V.S. Ajikumar
2. P.M. Mohan
3. P.G. Johnson
4. B. Baiju
5. P.R. Bhadran
6. K.K. Biji
7. T.V. Koshy
8. K.M. Jaleel
9. C.K. Retnakaran

ഇതിൽ നിന്നും താഴെപ്പറയുന്ന അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർമാരെ ₹ 23820-49460 സ്കെയിലിൽ ഡിസ്ട്രിക്ട് ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിലേക്ക് സേവന വിവരങ്ങൾ, കോൺഫിഡൻഷ്യൽ റിപ്പോർട്ട്, മെറിറ്റ്, യോഗ്യത എന്നിവ പരിശോധിച്ച് തിരഞ്ഞെടുത്തു.

1. V.S. Ajikumar (അജണ്ട ഇനം 11/2017, നം.1)
2. B. Baiju (അജണ്ട ഇനം 11/2017, നം.3)
3. K.M. Jaleel

താഴെപറയുന്ന അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർമാരെ ചുവടെ ചേർത്തിരിക്കുന്ന കാരണങ്ങളാൽ ഡി.പി.സി. തിരഞ്ഞെടുത്തിട്ടില്ല.

| | | |
|---|---|---|
| 1. P.M. Mohan | - | Forgone promotion. |
| 2. P.G. Johnson | - | Probation not declared, MOP/Manual not passed. |
| 3. P.R. Bhadran | - | Probation not declared, MOP/Manual not passed. |
| 4. K.K. Biji | - | Probation not declared, MOP/Manual not passed. |
| 5. T.V. Koshy | - | Probation not declared,<br>Case pending in file No. VLC1/021477/2017,<br>Now under Suspension. |

| 7. ഉപ അജണ്ട ഇനം നം. **15/2017** | പാപ്പനംകോട് ചീഫ് സ്റ്റോഴ്സിലെ അസിസ്റ്റന്റ് കൺട്രോളർ ഓഫ് പർച്ചേഴ്സ് ആന്റ് സ്റ്റോഴ്സ് (സ്റ്റോക്ക് വെരിഫിക്കേഷൻ ആന്റ് ഇൻവെന്ററി കൺട്രോൾ) തസ്തികയിൽ നിയമനം നടത്തുന്നതിനായുള്ള ജീവനക്കാരുടെ ലിസ്റ്റ് |
|---|---|

ഫോർമാൻ (ഡിപ്പോ എൻജിനീയർ), സ്റ്റോഴ്സ് ഓഫീസർ എന്നിവരിൽ നിന്നും 1:1 അനുപാതത്തിൽ യോഗ്യതകൂടി പരിഗണിച്ച് തിരഞ്ഞെടുക്കുന്നതിന് താഴെപറയുന്ന ഫീൽഡ് ഓഫ് ചോയ്സ് ഡി.പി.സി. പരിഗണിച്ചു.

(എ) **സ്റ്റോർ വിഭാഗം**

1. K.R. Binu

(ബി) **മെക്കാനിക്കൽ വിഭാഗം**

1. V.C. Unnikrishnan
2. B. Shyam Krishnan
3. S. James

മുൻപ് മേൽ തസ്തികയിലേക്ക് സ്റ്റോർ വിഭാഗത്തിൽ നിന്നുമാണ് തിരഞ്ഞെടുപ്പ് നടത്തിയത് എന്നതിനാൽ 1:1 റേഷ്യോപ്രകാരം മെക്കാനിക്കൽ വിഭാഗത്തിൽ നിന്നുമാണ് തിരഞ്ഞെടുക്കേണ്ടത് എന്നതിനാൽ യോഗ്യത, കോൺഫിഡൻഷ്യൽ റിപ്പോർട്ട്, മെറിറ്റ്, സേവനവിവരങ്ങൾ എന്നിവ പരിശോധിച്ച് V.C.Unnikrishnan, ഡിപ്പോ എൻജിനീയറെ ₹ 23820-49460 സ്കെയിലിൽ അസിസ്റ്റന്റ് കൺട്രോളർ ഓഫ് പർച്ചേഴ്സ് ആന്റ് സ്റ്റോഴ്സ് (സ്റ്റോക്ക് വെരിഫിക്കേഷൻ ആന്റ് ഇൻവെന്ററി കൺട്രോൾ) തസ്തികയിലേക്ക് തിരഞ്ഞെടുത്തു.

| 8. ഉപ അജണ്ട ഇനം നം. **16/2017** | W.P (C) No. 15159/2017 നമ്പർ പ്രകാരമുള്ള ബഹു. ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കാസർ ഗോഡ് യൂണിറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ. ആർ. ബാബുരാജിനെ പേഴ്സണൽ ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നതും ടിയാന്റെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം സാധൂകരിക്കുന്നതും സംബന്ധിച്ച് |
|---|---|

പേഴ്സണൽ ഓഫീസർ തസ്തികയിലേക്ക് പ്രമോഷൻ ലഭിക്കുന്നതിനായി R. Baburaj-ന്റെ നിവേദനവും ബഹു. ഹൈക്കോടതിയുടെ W.P (C) No. 15159/2017 ഇടക്കാല ഉത്തരവും അനുസരിച്ച് ഡി.പി.സി., അജണ്ട സൂക്ഷ്മമായി പരിശോധിച്ചു. ടിയാന്റെ സീനിയോരിറ്റി K.Sreekumar-ന് മുകളിലായി നിജപ്പെടുത്തി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിലേക്ക് പ്രമോഷൻ നൽകിയ നടപടി ഡി.പി.സി. സാധൂകരിച്ചു. എന്നാൽ നിലവിൽ ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ

ചെയ്യാത്തതിനാലും അച്ചടക്ക നടപടികൾ നിലനിൽക്കുന്നതിനാലും ടിയാനെ പേഴ്സണൽ ഓഫീസർ തസ്തികയിലേക്ക് തിരഞ്ഞെടുത്തില്ല. നിലവിൽ നിലനിൽക്കുന്ന അച്ചടക്ക നടപടികൾ കോർപ്പറേഷൻ വിശദമായി പരിശോധിച്ച് എത്രയുംവേഗം തീർപ്പുകൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് ഡി.പി.സി. നിരീക്ഷിച്ചു.

ഡി.പി.സി. യോഗം 12:30 മണിക്ക് അവസാനിച്ചു.

| | | |
|---|---|---|
| ഒപ്പ് | ഒപ്പ് | ഒപ്പ് |
| എ. ഹേമചന്ദ്രൻ IPS | എസ്. മാലതി | എം.കെ. ഐസക് കുട്ടി |
| ചെയർമാൻ | മെമ്പർ | മെമ്പർ |

കൺവീനർ
ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി

.asm/~